# തിരുവനന്തപുരം വനംവകുപ്പ് ആസ്ഥാനത്തെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : ദിലീപ് കുമാർ.റ്റി.ഐ

വിഷയം: വനം വകുപ്പ് - ജീവനക്കാര്യം- ഫോറസ്റ്റ് ഡ്രൈവർമാർക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.

സൂചന:
1. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കണസർവേറ്ററുടെ 28-09-2019-ലെ E5-58303/2017-ാം നമ്പർ ഉത്തരവ്.
2. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 13-06-19-ലെ ഇ2-3238/19 -ാം നമ്പർ ഉത്തരവ്.
3. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 04-12-19-ലെ ഇ2-3238/19-ാം നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ ഇ2-3238/19 തീയതി: 26-05-2020**

വനം വകുപ്പിൽ നിലവിലെ ഡ്രൈവർ തസ്തികയുടെ എണ്ണം 259 ആണ്. ആയതിൽ രണ്ടാം ഗ്രേഡ്, ഒന്നാം ഗ്രേഡ്, സീനിയർ ഗ്രേഡ് എന്നീ തസ്തികകളുടെ അനുപാതം 1:1:1 ആയും സീനിയർ ഗ്രേഡ് തസ്തികയുടെ 10% സെലക്ഷൻ ഗ്രേഡ് ഡ്രൈവർ തസ്തികയായും നിശ്ചയിച്ചിട്ടുണ്ട്.

ഭരണ വിഭാഗം അഡീഷണൽ പ്രൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ സൂചന(1) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോറിറ്റി ലിസ്റ്റിലെ സീരിയൽ നമ്പർ (10) ആയ സെലക്ഷൻ ഗ്രേഡ് ഡ്രൈവർ ശ്രീ.പി.ബാലകൃഷ്ണൻ 30-04-2020-ന് സർവ്വീസിൽ നിന്നും വിരമിക്കുകയും സീരിയൽ നമ്പർ (8) ആയ സെലക്ഷൻ ഗ്രേഡ് ഡ്രൈവർ ശ്രീ.എം.ശശികുമാർ 31-05-2020 ന് വിരമിക്കുന്നതിന് മുന്നോടിയായി 22-05-2020 മുതൽ അവധിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സെലക്ഷൻ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ രണ്ട് ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട്. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സൂചന(2) പ്രകാരമുള്ള ഉത്തരവിൽ ശ്രീ.അനിൽകുമാർ.എം.വി (സീനിയോറിറ്റി നമ്പർ 14) വരെയുള്ളവർക്ക് സെലക്ഷൻ ഗ്രേഡ് ഡ്രൈവറായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. സീനിയോറിറ്റി നമ്പർ (15) ആയ ശ്രീ.എ.ഡി ദേവസി 31-05-19-ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ട്. ആയതിനാൽ സെലക്ഷൻ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ നിലവിലുള്ള രണ്ട് ഒഴിവിലേക്ക് താഴെപ്പറയുന്ന സീനിയർ ഗ്രേഡ് ഡ്രൈവർമാർക്ക് അവരുടെ പേരിനുനേരെ കാണിച്ചിട്ടുള്ള തീയതി പ്രാബല്യത്തിൽ 29200-62400 ശമ്പള സ്കെയിലിൽ റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ | പ്രാബല്യതീയതി |
|---|---|---|---|
| 1. | ഡി.ജയകുമാർ | 16 | 01-05-2020 |
| 2. | ശ്രീ.ഗഫൂർ.എ.എസ്. | 17 | 22-05-2020 |

മേൽപ്പറഞ്ഞ സ്ഥാനക്കയറ്റം മൂലം ഉണ്ടായ രണ്ട് ഒഴിവുകളും സീനിയർ ഗ്രേഡ് ഡ്രൈവറായ ശ്രീ.ദാസൻ.റ്റി.കെ (സീനിയോറിറ്റി നമ്പർ 21) 31-03-2020-ൽ വിരമിക്കുകയും ചെയ്തതടക്കം സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ മൂന്ന് ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട്. സൂചന(3) ഉത്തരവ് പ്രകാരം ശ്രീ.എസ്.അനിൽ കുമാർ (സീനിയോറിറ്റി നമ്പർ 105) വരെയുള്ളവർക്ക് സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. സീനിയർഗ്രേഡ് ഡ്രൈവർ തസ്തികയിൽ മേൽപ്പറഞ്ഞ മൂന്ന് ഒഴിവുകളിലേയ്ക്ക് താഴെപറയുന്ന ഗ്രേഡ്-1 ഡ്രൈവർമാരെ അവരവരുടെ പേരിനു നേരെ കാണിച്ചിട്ടുള്ള തീയതി പ്രാബല്യത്തിൽ 25200-54000 രൂപ ശമ്പള സ്കെയിലിൽ റേഷ്യാ പ്രൊമോഷൻ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ | പ്രാബല്യതീയതി |
|---|---|---|---|
| 1 | ബിജുമോൻ.പി. | 106 | 01-04-2020 |
| 2. | സുരേന്ദ്രൻ.ആർ | 107 | 01-05-2020 |
| 3. | പ്രജീഷ്.റ്റി | 108 | 22-05-2020 |

മേൽപ്പറഞ്ഞ സ്ഥാനക്കയറ്റം മൂലം ഗ്രേഡ്-1 ഡ്രൈവർ തസ്തികയിൽ മൂന്ന് ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. സൂചന(3) പ്രകാരമുള്ള ഉത്തരവിൽ ശ്രീ.വിനിൽകുമാർ.സി. (സീനിയോറിറ്റി നം. 185) വരെയുള്ളവർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. ഗ്രേഡ്-1 ഡ്രൈവർ തസ്തികയിലെ നിലിവിലുള്ള മൂന്ന് ഒഴിവുകളിലേക്ക് താഴെപ്പറയുന്ന ഗ്രേഡ്-11 ഡ്രൈവർമാരെ അവരവരുടെ പേരിനു നേരെ കാണിച്ചിട്ടുള്ള പ്രാബല്യ തീയതിയിൽ 22200-48000 രൂപ ശമ്പള സ്കെയിലിൽ റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ | പ്രാബല്യതീയതി |
|---|---|---|---|
| 1. | സുരേന്ദ്രൻ കെ.കെ. | 186 | 01-04--2020 |
| 2. | അജീഷ് കുമാർ.എസ് | 187 | 01-05-2020 |
| 3. | റെജി.പി.വൈ | 188 | 22-05-2020 |

മേൽ വിവരിച്ച സ്ഥാനക്കയറ്റം സർക്കാർ ഉത്തരവ് (പി) നം.7/2016/ഫിൻ തീയതി 20-01-2016, സർക്കാർ ഉത്തരവ് (എം.എസ്) നം.389/2016(25)/ഫിൻ തീയതി 04-10-16 എന്നീ ഉത്തരവുകൾ പ്രകാരം പുതുക്കിയ ശമ്പള സ്കെയിലിലാണ് അനുവദിച്ചിട്ടുള്ളത്.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

വ്യക്തികൾക്ക് (മേലധികാരി മുഖേന)

പകർപ്പ് :

1. എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക്/ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക്/ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക്.
2. എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ് ലൈഫ് വാർഡൻ/അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ/വർക്കിംഗ് പ്ലാൻ ഓഫീസർമാർക്ക്.
3. വനം വകുപ്പ് വെബ് സൈറ്റിലേയ്ക്ക്
4. സ്റ്റോക്ക് ഫയൽ